# Athmaraksha.org

ലേഖനം - അനുഭവം, സാക്ഷ്യം

## മനുഷ്യൻ ചികിത്സിക്കുന്നു; ദൈവം സുഖപ്പെടുത്തുന്നു



ദൈവമാണ് വലിയ വൈദ്യനെന്ന വിശ്വാസമാണ് രോഗികളെ ചികിത്സിക്കുമ്പോൾ എന്നെ എപ്പോഴും പിന്തുണയ്ക്കുന്നത്. ദൈവത്തിനുമാത്രം നൽകാവുന്ന സൗഖ്യങ്ങൾക്ക് സാക്ഷിയാകാനും ഔദ്യോഗികജീവിതത്തിൽ എനിക്ക് സാധിച്ചു.

ഏതാണ്ട് 15 വർഷം മുമ്പ് പാലാ രൂപതയിലെ രത്നഗിരി ദൈവാലയ വികാരി ഫാ. തോമസ് ഓലിക്കൽ എന്നെ കാണാൻ വന്നു. അപ്പോൾ ഞാൻ കോട്ടയം മെഡിക്കൽ കോളജിൽ സൈക്യാട്രി വിഭാഗം പ്രൊഫസറാണ്. അച്ചന്റെ ഇടവകക്കാരി 19 വയസുള്ള ഒരു കോളജ് വിദ്യാർത്ഥിനി മഞ്ഞപ്പിത്തം ബാധിച്ച് അതീവ ഗുരുതരാവസ്ഥയിൽ ക്രിട്ടിക്കൽ ഐ.സി.യുവിലാണ്. അവളെ ഒന്നു കാണണം എന്നതാണ് അച്ചന്റെ ആവശ്യം. നിയമമനുസരിച്ച് ഐ.സി.യുവിൽ ആർക്കും പ്രവേശനമില്ല. ഞാൻ അവളെ ചികിത്സിക്കുന്ന ഡോ. ആർ.എൻ.ശർമ്മയെ കണ്ടു. ശർമ്മസാർ പറഞ്ഞു, 'പെൺകുട്ടിയുടെ നില ക്രിട്ടിക്കലാണ്. എനിക്ക് പ്രതീക്ഷയില്ല.' അദ്ദേഹത്തിന്റെ അനുവാദത്തോടെ അച്ചനെയും കൂട്ടി ഞാൻ ഐ.സി.യുവിൽ കയറി. അവൾ അബോധാവസ്ഥയിലാണ്.

ഒരു മിനിറ്റ് കഴിഞ്ഞ് അച്ചൻ പറഞ്ഞു: 'എനിക്ക് ഇവൾക്ക് രോഗീലേപനം കൊടുക്കണം. ഡോ.റോയി സഹായിക്കണം.' ഐ.സി.യുവിൽ വേറെ ഒമ്പത് രോഗികൾ ഉണ്ട്. ഇതൊന്നും അനുവദനീയമല്ലെന്നും എനിക്കറിയാം. ഞങ്ങൾ ഐ.സി.യു ഇൻചാർജ് സിസ്റ്ററിനോട് പറഞ്ഞു, 'ഞങ്ങൾ ഇവൾക്കായി ഒന്ന് പ്രാർത്ഥിക്കുകയാണ്. ശബ്ദം ഉണ്ടാക്കുകയില്ല.' കർട്ടൻ വലിച്ചിട്ട് അച്ചൻ ശുശ്രൂഷ തുടങ്ങി. കപ്യാരുടെ റോൾ ഞാൻ ഏറ്റെടുത്തു. ചെറുപ്പത്തിൽ അൾത്താരബാലൻ ആയിരുന്നതിനാൽ എനിക്ക് പ്രാർത്ഥനകൾ പരിചിതം. അച്ചൻ എല്ലാ പ്രാർത്ഥനയും ചൊല്ലി രോഗീലേപനം നൽകി. മൂന്നാംനാൾ മുതൽ അത്ഭുതകരമായി അവൾ സുഖപ്പെട്ടു. ഏഴാംനാൾ ബോധം തെളിഞ്ഞ്, പതിനാലാം ദിവസം സുഖമായി ആശുപത്രി വിട്ടു. അച്ചന്റെ കരുണാർദ്രമായ പ്രാർത്ഥന സ്വർഗം തള്ളിക്കളഞ്ഞില്ല. മനുഷ്യകരങ്ങൾക്ക് അസാധ്യമായത് ദൈവത്തിന് സാധ്യമാണല്ലോ.

ഞാൻ 2009ൽ കൊച്ചി മെഡിക്കൽ കോളജ് പ്രിൻസിപ്പലായിരുന്നു. ഒരു ദിവസം ഒരു

രണ്ടാംവർഷ എം.ബി.ബി.എസ് വിദ്യാർത്ഥി എന്നെ കാണാൻ വന്നു. അവൻ പറഞ്ഞു: 'ഞാൻ മൂന്നാം പ്രാവശ്യം ഫസ്റ്റ് എം.ബി.ബി.എസ് പരീക്ഷ തോറ്റു. അതുകൊണ്ട് ജീവിതം അവസാനിപ്പിക്കുകയാണ്. അല്ലാതെ മറ്റു മാർഗമില്ല.' അവനത് വെറുതെ പറഞ്ഞതല്ല. നിരാശയിൽ മുങ്ങിയ ഒരുവന്റെ അവസാന വാക്കുകളാണതെന്ന് എനിക്ക് തോന്നി. കാര്യം അപകടത്തിലേക്കാണ് പോകുന്നതെന്ന് ഉറപ്പായപ്പോൾ ഞാൻ അവനെ എന്റെ മുറിയിൽ പിടിച്ചിരുത്തി. അന്ന് ഒരുമണിക്കുള്ള കോളജ് കൗൺസിൽ യോഗം ഞാൻ റദ്ദാക്കി, അവന് കൗൺസലിംഗ് നൽകി. അവൻ അടുത്ത പരീക്ഷ പാസാകുന്നത് പ്രിൻസിപ്പൽ ആയ എന്റെ ഉത്തരവാദിത്വമാണെന്ന് ഞാൻ അവനോട് പറഞ്ഞു. കൂട്ടുകാരെ വിളിച്ചു വരുത്തി. അവൻ എല്ലാ ആഴ്ചയും എന്നെ വന്നു കണ്ടു. യഥാർത്ഥത്തിൽ അവൻ മിടുക്കനായിരുന്നു. അമിതമായ ഉൽക്കണ്ഠയും വിഷാദവും മൂലം അവൻ പരീക്ഷയിൽ തുടർച്ചയായി തോറ്റതാണ്. എന്റെ മാനസിക പിന്തുണയോടെ 2010 ൽ അവൻ പരീക്ഷ യാതൊരു വിഷമവും ഇല്ലാതെ പാസായി. ജീവിതത്തിലെ മറക്കാനാവാത്ത അനുഭവമായിരുന്നു അത്. 2014 ൽ അവൻ ഡോക്ടറായി. പിന്നീട് വിവാഹിതനായി, സന്തോഷത്തോടെ ജീവിക്കുന്നു. 2009 ലെ ആ പകൽ നേരത്ത് എന്റെ മുന്നിൽ വന്നു നിന്ന ആ വിദ്യാർത്ഥിയെ എന്നിലൂടെ ആശ്വസിപ്പിച്ചത് ദൈവമായിരുന്നു. ദൈവകരുണയാണ് അന്ന് അവനെ ആശ്വസിപ്പിക്കാൻ എന്നെ സഹായിച്ചതും.

കോട്ടയം 'നവജീവനി' ലും പാലാ 'മരിയസദന' ത്തിലുമുള്ള രോഗികളെ ചികിത്സിക്കുന്നതിനും എനിക്കിടവന്നിട്ടുണ്ട്. അവിടങ്ങളിലെല്ലാം ശുശ്രൂഷ ചെയ്യുമ്പോൾ ദൈവകരുണയുടെ വഴികൾ എത്ര വലുതാണെന്ന ബോധ്യം എന്നിൽ ഉറച്ചു. പാലായിൽ മരിയസദനം ആരംഭിക്കുന്ന സമയത്ത് അതിന്റെ സ്ഥാപകനായ സന്തോഷ് എന്നോട് അതെക്കുറിച്ച് ചർച്ച ചെയ്തിരുന്നു. 'അഞ്ചോആറോ രോഗികൾമാത്രം. ഡോക്ടർ അവരുടെ ചികിത്സയുടെ ഉത്തരവാദിത്വം ഏറ്റെടുക്കണം' ഇതായിരുന്നു ആവശ്യം. കോട്ടയം സർക്കാർ മെഡിക്കൽ കോളജിൽ ജോലി ചെയ്തുകൊണ്ടിരുന്ന എനിക്ക് ഇങ്ങനെ ഒരു സ്വകാര്യ പ്രസ്ഥാനത്തിൽ സഹകരിക്കാമോ എന്ന് സംശയമുണ്ടായിരുന്നു.

ഞാൻ 1996 ൽ പാലായിൽ പുതിയ വീടുവെച്ച് താമസമാരംഭിച്ച കാലം. ഒരു ദിവസം സന്തോഷ് പറഞ്ഞു: 'ഫാ. പ്രശാന്ത് ഐ.എം.എസ് ഇന്ന് വരും. ഇവിടെ താമസസൗകര്യമില്ല. ഡോക്ടറുടെ വീട്ടിൽ അച്ചനെ ഒരു ദിവസം താമസിപ്പിക്കാമോ?' ഞാൻ സന്തോഷപൂർവം സമ്മതിച്ചു. വൈകിട്ട് എട്ടിന് അച്ചൻ വന്നു. ഒമ്പതുമണിക്ക് അച്ചനെ ആഹാരം കഴിക്കാനായി വിളിക്കുന്നതിന് ഞാൻ അദ്ദേഹത്തിന്റെ മുറിയിൽ ചെന്നു. അരണ്ട വെളിച്ചത്തിൽ മുട്ടിന്മേൽനിന്ന് കൈകൾ വിരിച്ച് പ്രാർത്ഥിക്കുന്ന അച്ചനെയാണ് ഞാൻ കണ്ടത്. പതിയെ എഴുന്നേറ്റ് വന്ന് അച്ചൻ പറഞ്ഞു: 'എനിക്ക് ഇന്ന് ഉപവാസമാണ്, ഭക്ഷണം വേണ്ട.' അച്ചന്റെ പ്രാർത്ഥനയും ഉപവാസവും എന്നെ വല്ലാതെ സ്പർശിച്ചു. ഞാൻ അപ്പോൾത്തന്നെ തീരുമാനിച്ചു ഇനി സർക്കാർ വിശദീകരണം ചോദിച്ചാലും ശരി, മരിയസദനത്തിലെ ശുശ്രൂഷകളിൽ സഹകരിക്കണം. അതിനുശേഷം കഴിഞ്ഞ ഇരുപത് വർഷമായി ഞാൻ മരിയസദനവുമായി സഹകരിച്ച് പ്രവർത്തിക്കുന്നു.

200ൽപ്പരം രോഗികൾ. അവരുടെ കൂടെ താമസിക്കുന്ന സന്തോഷും കുടുംബവും മറ്റു പ്രവർത്തകരും. അവിടുത്തെ രോഗികളെ ചികിത്സിക്കുന്നതും ദൈവാനുഭവപ്രദം. 2013ൽ ഇത്തരം ധർമസ്ഥാപനങ്ങൾക്കെതിരെ ഇന്ത്യൻ മെന്റൽ ഹെൽത്ത് ആക്ട് അനുസരിച്ച് നടപടിയെടുക്കുമെന്ന് സർക്കാർ നോട്ടീസ് വന്നു. ആ സമയം ഞാനും സന്തോഷും മറ്റ് പ്രവർത്തകരും കൂടി തിരുവനന്തപുരത്ത് ചെന്ന് മന്ത്രി കെ.എം.മാണിയെ കണ്ടു. വിവരങ്ങൾ മനസ്സിലാക്കിയ അദ്ദേഹം 2013 ൽ പുതിയ നിയമനിർമാണം നടത്തി ഇത്തരം ധർമസ്ഥാപനങ്ങളുടെ രക്ഷക്കെത്തിയ കാര്യവും സന്തോഷത്തോടെ ഓർക്കുന്നു.

കേവലം ഔദ്യോഗികജീവിതത്തിനപ്പുറം ആത്മീയ അനുഭവങ്ങളിലൂടെ എന്നെ അവിടുന്ന് നടത്തി. ഇന്നും അത് തുടരുമ്പോൾ ഒരിക്കൽക്കൂടി പറയട്ടെ, ദൈവമേ നന്ദി..

കടപ്പാട് : us.sundayshalom.com